നം. എൻ.ഇ.പി/1357/2020/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം. തീയതി 04.08.2020

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - കൈറ്റ് - ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതി - സ്കൂളുകൾക്ക് ലഭ്യമാക്കിയ ഐ.സി.ടി. ഉപകരണങ്ങൾ ഉപയോഗിക്കുന്നതും പരിരക്ഷിക്കുന്നതും സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- 1. സ. ഉ(സാധാ) നം. 165/2018/പൊ.വി.വ തീയതി 10.01.2018.
2. സ. ഉ(സാധാ) നം. 2177/2019/പൊ.വി.വ തീയതി 06.06.2019
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 05.05.2020 ലെ ആർ&ആർ(1)/90070/2020/ ഡിജിഇ നമ്പർ സർക്കുലർ.
4. കൈറ്റിന്റെ 07.05.2020 ലെ KITE/2019/1515-6 (1) നമ്പർ സർക്കുലർ
5. സ. ഉ(സാധാ) നം. 1756/2020/പൊ.വി.വ തീയതി 29.05.2020.
6. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 30.05.2020 ലെ ക്യു.ഐ.പി.(1)/9141/2020/ ഡി.ജി.ഇ സർക്കുലർ.
7. കൈറ്റിന്റെ 02.06.2020 ലെ KITE/2019/1515-6 (2) നമ്പർ സർക്കുലർ
8. കൈറ്റ് സിഇഒ യുടെ 03.08.2020-ലെ കൈറ്റ്/2020/1515-6(5) നമ്പർ കത്ത്

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ പ്രകാരം സ്കൂളുകൾക്ക് വിതരണം ചെയ്ത ഐ.സി.ടി. ഉപകരണങ്ങൾ അവധിക്കാലത്ത് ഉപയോഗിക്കുന്നതിനും പരിരക്ഷിക്കുന്നതിനും ക്രമീകരണങ്ങൾ ഒരുക്കാൻ കൈറ്റ് പ്രത്യേക നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് സൂചന 3 പ്രകാരം നിർദ്ദേശിച്ചിരുന്നു. അതനുസരിച്ച് സൂചന 4 പ്രകാരം കൈറ്റ് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സൂചന 5 പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന 'ഫസ്റ്റ് ബെൽ' ക്ലാസുകൾ വീക്ഷിക്കുന്നതിന് സൗകര്യങ്ങളില്ലാത്ത കുട്ടികൾക്ക് അതൊരുക്കുന്നതിനായി ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ പ്രകാരം സ്കൂളുകളിൽ വിന്യസിച്ച ഉപകരണങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് കൈറ്റ് പ്രത്യേക നിർദ്ദേശങ്ങളും നൽകിയിരുന്നു. കേരളത്തിലെ 1 മുതൽ 12 വരെ ക്ലാസുകളുള്ള 16026 സ്കൂളുകളിലായി 116259 ലാപ്ടോപ്, 67194 പ്രൊജക്ടർ, 4545 ടെലിവിഷൻ, 4611 പ്രിന്റർ, 4720 വെബ്ക്യാം, 4578 ഡി.എസ്.എൽ.ആർ ക്യാമറ, 97655 യു.എസ്.ബി സ്പീക്കർ തുടങ്ങിയ ഉപകരണങ്ങൾ ഹൈടെക് സ്കൂൾ-ഹൈടെക് ലാബ് പദ്ധതികളുടെ ഭാഗമായി കൈറ്റ് വിന്യസിച്ചിട്ടുണ്ടെന്നും കോവിഡ്19 മഹാമാരിമൂലം 2020 മാർച്ച് മുതൽ സ്കൂളുകൾ ശരിയായി പ്രവർത്തിപ്പിക്കാൻ കഴിയാത്തതുമൂലം ഐസിടി ഉപകരണങ്ങളുടെ അവധിക്കാലത്തെ ഉപയോഗവും പരിരക്ഷയും അടിയന്തിരമായി പരിശോധിക്കേണ്ടതുണ്ടെന്നും സൂചന 8 പ്രകാരം കൈറ്റ് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. സർക്കാർ പുറപ്പെടുവിക്കുന്ന കോവിഡ് മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2. ഐസിടി ഉപകരണങ്ങൾ ദീർഘകാലം പ്രവർത്തിപ്പിക്കാതെയിരുന്നാൽ അവ കേടാകുന്നതിന് ഇടയാകും. അതിനാൽ സ്കൂളുകളിലെ ഐസിടി ഉപകരണങ്ങളുടെ ഉപയോഗവും പരിരക്ഷയും കൃത്യമായി സ്കൂൾ പ്രഥമാധ്യാപകരും ഐടി കോർഡിനേറ്റർമാരും അടിയന്തിരമായി പരിശോധിക്കേണ്ടതും ഉറപ്പുവരുത്തേണ്ടതുമാണ്.

3. ഐസിടി ഉപകരണങ്ങളുടെ ഉപയോഗവും പരിരക്ഷയും ഉറപ്പുവരുത്തുന്നതിന് കൈറ്റ് സൂചന 4 പ്രകാരം പുറപ്പെടുവിച്ച സർക്കുലറിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ് (ഉപകരണങ്ങൾ പരിരക്ഷിക്കുന്നത് സംബന്ധിച്ച വീഡിയോ **www.kite.kerala.gov.in** ൽ ലഭ്യമാണ്).

4. സ്കൂളിലെ ക്ലാസ് മുറികൾ മറ്റ് ആവശ്യങ്ങൾക്ക് നൽകേണ്ടിവരുമ്പോൾ ഹൈടെക് ഉപകരണങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടതാണ് (മൾട്ടിമീഡിയ പ്രൊജക്ടർ മൗണ്ട് ചെയ്ത്, ഹൈടെക് ഉപകരണങ്ങൾ നെറ്റ്‌വർക്ക് ചെയ്ത ക്ലാസ് മുറികൾ ക്യാമ്പുപോലെയുള്ള ഏതെങ്കിലും സ്കൂളിതര പ്രവർത്തനങ്ങൾക്ക് നൽകേണ്ടി വരുന്ന പക്ഷം പ്രൊജക്ടർ ഉൾപ്പെടെയുള്ള ഉപകരണങ്ങളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്).

5. ഐ.സി.ടി. ഉപകരണങ്ങൾ അവധിക്കാലത്ത് ഉപയോഗിക്കുന്നതിനും പരിരക്ഷിക്കുന്നതിനും സ്കൂളിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ഐടി അഡ്വൈസറി കൗൺസിലിന്റെ മിനിറ്റ്സ് ബുക്കിലോ പ്രത്യേക റിപ്പോർട്ടായോ തയ്യാറാക്കി സൂക്ഷിക്കുന്നതിനും വിദ്യാഭ്യാസ ഓഫീസർമാരുടെ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. എല്ലാ സ്കൂൾ പ്രഥമാധ്യാപകരും ഇത് ഉറപ്പുവരുത്തേണ്ടതാണ്.

6. ഐസിടി ഉകപരണങ്ങളുടെ ഉപയോഗവും പരിരക്ഷയും ഉറപ്പുവരുത്തുന്നതിന് എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും അവരവരുടെ അധികാരപരിധിയിൽ വരുന്ന സ്കൂളുകളിലെ പ്രഥമാധ്യാപകരുമായി വീഡിയോ/ഓഡിയോ കോൺഫറൻസ് കൈറ്റിന്റെ പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് നടത്തേണ്ടതും ഉപകരണങ്ങളുടെ കൃത്യത ഉറപ്പുവരുത്തേണ്ടതുമാണ് .

7. ഐസിടി ഉപകരണങ്ങളുടെ വിശദാംശങ്ങൾ പരിശോധിക്കുന്നതിന് കൈറ്റിന്റെ പ്രതിനിധികൾ കഴിയുന്നിടത്തോളം സ്കൂളുകളിൽ നേരിട്ട് സന്ദർശിക്കേണ്ടതാണ്. സ്കൂൾ അധികൃതരും വിദ്യാഭ്യാസ ഓഫീസർമാരും ഇതിനുള്ള സൗകര്യങ്ങൾ നൽകേണ്ടതാണ്.

ഐസിടി ഉപകരണങ്ങളുടെ പരിശോധന സംബന്ധിച്ച നിർദ്ദേശങ്ങൾ കൈറ്റ് പ്രത്യേകം നൽകുന്നതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

എല്ലാ സർക്കാർ, എയ്ഡഡ് സ്കൂൾ പ്രഥമാധ്യാപകർക്കും (വെബ്സൈറ്റ് മുഖേന)

പകർപ്പ്:

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ആർ.ഡി.ഡി./എ.ഡി./ജില്ലാ വിദ്യാഭ്യാസ ഓഫീസർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
സ്റ്റോക്ക് ഫയൽ